**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഉഡുപ്പി-കരിന്തളം അന്തർസംസ്ഥാന വൈദ്യുതി ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉഡുപ്പി- കരിന്തളം അന്തർസംസ്ഥാന 400 കെ.വി ലൈൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഉഡുപ്പി-കരിന്തളം 400 കെ.വി ലൈനിന്റെ കേരളത്തിൽ ആകെയുള്ള 101 ടവറുകളിൽ 81 എണ്ണത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കുകയും ഫൗണ്ടേഷൻ പൂർത്തീക രിച്ച ടവറുകളിൽ 70 എണ്ണത്തിന്റെ നിർമ്മാ ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതോ ടൊപ്പം പ്രസ്തുത ലൈനിന്റെ കരിന്തളം ഭാഗത്ത് 0.8 കി.മീ. നീളത്തിൽ ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതും പൂർത്തിയായിട്ടുണ്ട്. കൂടാതെ കരിന്തളത്ത് 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത ലൈൻ കടന്നുപോകുന്ന പ്രദേശത്തെ ഭൂഉടമസ്ഥർക്ക് നൽകുന്ന നഷ്ടപരിഹാരതുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ലൈൻ കടന്നു പോകുന്ന പ്രദേശത്തെ ഭൂഉടമകൾക്ക് കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഇ.എച്ച്.ടി ലൈൻ നിർമ്മാണത്തിന് KSEBL നൽകിക്കൊണ്ടി രിക്കുന്ന നഷ്ടപരിഹാരമാണ് നൽകുന്നത്.<br><br>ടവറിന്റെയും ലൈനിന്റെയും നിർമ്മാണത്തിന് വേണ്ടി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾക്കും മറ്റ് വിളകൾക്കും കേരള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിൽ നിന്നും ലഭിക്കുന്ന വിളകളുടെ വിലയും കാർഷിക വകുപ്പും റബ്ബർ ബോർഡും നൽകുന്ന വിളകളുടെ വാർഷിക ഉത്പാദനത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് KSEBL നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരമാണ് ഭൂഉടമസ്ഥർക്ക് നൽകുന്നത്.<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ടവർ ഫൗണ്ടേഷന്റെ വിസ്തീർണ്ണം കണക്കാക്കി മേൽ പറഞ്ഞ സ്ഥലത്തിന്റെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന തുകയുടെ 85% ആണ് ടവർ നിൽക്കുന്ന സ്ഥലത്തിന് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരമായി നൽകുന്നത്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കാക്കി ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ നിലവിലുള്ള ഫെയർ വാല്യൂവിന്റെ ഇരട്ടി വില നൽകുവാൻ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.<br><br>പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ സുഗമമായ നടത്തിപ്പിനും ഭൂഉടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിനും വേണ്ടി ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിലെ എം.എൽ.എ-മാരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഭൂഉടമസ്ഥർക്ക് നഷ്ടപരിഹാരം കൂടുതൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ലൈൻ കടന്നു പോകുന്ന പ്രദേശത്തെ ഭൂഉടമകൾക്ക് കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഇ.എച്ച്.ടി ലൈൻ നിർമ്മാണത്തിന് KSEBL നൽകിക്കൊണ്ടി രിക്കുന്ന നഷ്ടപരിഹാരമാണ് നൽകുന്നത്.<br><br>ടവറിന്റെയും ലൈനിന്റെയും നിർമ്മാണത്തിന് വേണ്ടി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾക്കും മറ്റ് വിളകൾക്കും കേരള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിൽ നിന്നും ലഭിക്കുന്ന വിളകളുടെ വിലയും കാർഷിക വകുപ്പും റബ്ബർ ബോർഡും നൽകുന്ന വിളകളുടെ വാർഷിക ഉത്പാദനത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് KSEBL നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരമാണ് ഭൂഉടമസ്ഥർക്ക് നൽകുന്നത്.<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ടവർ ഫൗണ്ടേഷന്റെ വിസ്തീർണ്ണം കണക്കാക്കി മേൽ പറഞ്ഞ സ്ഥലത്തിന്റെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന തുകയുടെ 85% ആണ് ടവർ നിൽക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി നൽകുന്നത്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കാക്കി ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ നിലവിലുള്ള ഫെയർ വാല്യൂവിന്റെ ഇരട്ടി വില നൽകുവാൻ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.<br><br>പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ സുഗമമായ നടത്തിപ്പിനും ഭൂഉടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിനും വേണ്ടി ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിലെ എം.എൽ.എ-മാരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ